## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 3107

03.04.2013 ലെ
മറുപടിയ്ക്ക്

## ന്യൂനപക്ഷക്ഷേമത്തിനായുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമത്തിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; | (എ) അഭ്യസ്തവിദ്യരായ ന്യൂനപക്ഷ യുവജനതയെ വിവിധ മത്സരപ്പരീക്ഷകൾക്ക് പരിശീലിപ്പിക്കുന്നതിനായുള്ള കോച്ചിംഗ് സെന്ററുകൾ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പ് - ഹോസ്റ്റൽ സ്റ്റൈപ്പന്റ് സ്കീമുകൾ, മദ്രസ്സാധ്യാപക ക്ഷേമനിധി പെൻഷൻ സ്കീം, വയനാട് ജില്ലയിലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോജക്ട്, തീരദേശ സർക്കാർ സ്കൂളുകളിലെ പെൺകുട്ടികൾക്കായുള്ള ആരോഗ്യ ശുചിത്വ സമുച്ചയങ്ങളുടെ നിർമ്മാണം, ന്യൂനപക്ഷ പദ്ധതികളുടെ പ്രചരണത്തിനായി സംസ്ഥാനത്തുടനീളം ആയിരം പ്രമോട്ടർമാരുടെ നിയമനവും 250 ബോധവൽക്കരണ ക്യാമ്പുകളും, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 12 വയസ്സ് മുതൽ 20 വയസ്സ് വരെ പ്രായമുള്ള വിദ്യാർത്ഥികൾക്ക് ജില്ലാതലത്തിൽ വ്യക്തിത്വ വികസന ക്യാമ്പുകൾ (ഒരു ക്യാമ്പിൽ 150 വിദ്യാർത്ഥികൾക്ക് പ്രവേശനം), എല്ലാ ജില്ലകളിലെയും ബി.പി.എൽ വിഭാഗത്തിലെ നിർദ്ധനരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സൗജന്യ പഠന മേശ - കസേര വിതരണം, വനിതാ സ്വയംസഹായ സംഘങ്ങൾക്കുള്ള ധനസഹായം, സൈനിക / അർദ്ധ സൈനിക,പോലീസ് വിഭാഗങ്ങളിലെ വിവിധ തസ്തികകളിൽ ന്യൂനപക്ഷ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായുള്ള പരിശീലനം എന്നീ പദ്ധതികളാണ് നടപ്പാക്കിവരുന്നത്. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേന്ദ്രസർക്കാരിൽ നിന്ന് ന്യൂനപക്ഷക്ഷേമത്തിനായി എന്തൊക്കെ സഹായങ്ങൾ ഏതെല്ലാം ഇനങ്ങളിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ബി) യും (സി) യും | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷക്ഷേമത്തിനായി എം.എസ്.ഡി.പി., പ്രീമെട്രിക്, പോസ്റ്റ് മെട്രിക്, മെറിറ്റ് കം മീൻസ് സ്കോളർഷിപ്പുകൾ, മദ്രസ്സ നവീകരണ പദ്ധതി, IDMI എന്നിവയ്ക്ക് കേന്ദ്രധനസഹായം ലഭിക്കുകയുണ്ടായി. പദ്ധതി തുക ന്യൂനപക്ഷ ക്ഷേമ വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, ഉന്നതവിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകൾ മുഖേന ചെലവഴിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതികൾക്കനുവദിച്ച തുകയൊന്നും തന്നെ ചെലവഴിക്കാതെ ബാക്കിയായിട്ടില്ല. |
| (സി) | പ്രസ്തുത സഹായങ്ങൾ ഏതെല്ലാം വകുപ്പുകളിലൂടെയാണ് ചെലവഴിച്ചതെന്നും ആയതിൽ ചെലവഴിക്കാതെ ബാക്കിയുണ്ടോ എന്നുമറിയിക്കുമോ ; | | |
| (ഡി) | ന്യൂനപക്ഷക്ഷേമ ഫണ്ടിന്റെ വിനിയോഗത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോ-ഓർഡിനേറ്റർമാർ നിലവിലുണ്ടെന്നറിയിക്കുമോ; | (ഡി) യും (ഇ) യും | ന്യൂനപക്ഷക്ഷേമ ഫണ്ടിന്റെ വിനിയോഗത്തിനായി കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടില്ല. |
| (ഇ) | പ്രസ്തുത കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ